# ക്രിക്കറ്റ് മതവും സച്ചിൻ ദൈവവും



**ഇ**ന്ത്യ ഇന്ന് ക്രിക്കറ്റിന്റെ ലഹരിയിലാണ്. ക്രിക്കറ്റ് ഒരു മതവും സച്ചിൻ ഒരു അർധ ദൈവവുമായി മാറിക്കൊണ്ടിരിക്കുകയാണ്. കഷ്ടിച്ച് പതിനഞ്ച് വർഷങ്ങൾക്കൊണ്ട് ഇന്ത്യയുടെ ഹൃദയവികാരമായി മാറാൻ ക്രിക്കറ്റിനെങ്ങിനെ കഴിഞ്ഞു എന്നാലോചിക്കുമ്പോഴാണ് രസകരമല്ലാത്ത ചില സംഗതികൾ മനസിലാവുക.

ക്രിക്കറ്റിന്റെ ഒന്നാമത്തെ പ്രത്യേകത അത് ഇംഗ്ലണ്ടിലും ഇംഗ്ലണ്ട് അടിമകളാക്കിവച്ചു ഭരിച്ചിരുന്നു രാജ്യങ്ങളിലും മാത്രമേ പ്രചുര പ്രചാരത്തിലുള്ളൂ എന്നതാണ്. ഇന്ത്യ, പാകിസ്ഥാൻ, ശ്രീലങ്ക, ബംഗ്ലാദേശ്, വെസ്റ്റിൻഡീസ്.... എല്ലാ ക്രിക്കറ്റ് രാഷ്ട്രങ്ങളും ബ്രിട്ടന്റെ കോളനികളായിരുന്നു. അമേരിക്ക, റഷ്യ, ചൈന, ഗൾഫ് രാഷ്ട്രങ്ങൾ, മറ്റ് യൂറോപ്യൻ രാഷ്ട്രങ്ങൾ എന്നിവിടങ്ങളിലൊന്നും തന്നെ ക്രിക്കറ്റ് ജനകീയ അംഗീകാരം നേടിയിട്ടില്ല ഇതുവരെ. ഫുട്ബോൾ, ടെന്നീസ്, വോളിബോൾ എന്നീ കളികളുടെ ആരാധകരേക്കാൾ വളരെ കുറവാണ് ക്രിക്കറ്റിനുള്ള ആരാധകർ. ചുരുക്കത്തിൽ അടിമരാജ്യങ്ങളിൽ ബ്രിട്ടീഷുകാരനുണ്ടായ ജാരസന്തതിയാണ് അവിടങ്ങളിലെ ക്രിക്കറ്റ്. വെളുത്ത തൊലിയുള്ള സായ്പിനെ എന്നും കണ്ണടച്ച് ആരാധിച്ചിരുന്ന കറുത്ത മനുഷ്യൻ സായ്പിന്റെ കളിയേയും ആരാധിച്ചു എന്നതാണ് സത്യം. ഇംഗ്ലണ്ടിൽപോലും ഫുട്ബോളിനും ടെന്നിസിനും ശേഷമേ ക്രിക്കറ്റിന് സ്ഥാനമുള്ളൂ.

ക്രിക്കറ്റ് സമ്പന്നവർഗത്തിന്റെ മാത്രം കളിയായിരുന്നു. ഇന്നും മിക്ക ക്രിക്കറ്റ് രാജ്യങ്ങളിലും ക്രിക്കറ്റിനോട് സാധാരണക്കാരന് അനുഭാവമില്ല. പക്ഷേ, ഇന്ത്യയിൽ അതല്ല സ്ഥിതി. ഇന്ത്യയിൽ പ്രായഭേദം കൂടാതെ, സാമ്പത്തിക പരിഗണനകൂടാതെ, ലിംഗഭേദംകൂടാതെ ജാതിഭേദംകൂടാതെ സകലർക്കും പ്രിയപ്പെട്ട കളിയായി ക്രിക്കറ്റ് മാറിയിരിക്കുന്നു. അത് എങ്ങനെ സംഭവിച്ചു?

അതിന് സാങ്കേതികവും മനശാസ്ത്രപരവും കച്ചവടപരവുമായ പല ഘടകങ്ങളുമുണ്ട്.

അഞ്ചു ദിവസം നീണ്ടുനില്ക്കുന്ന ടെസ്റ്റ് ക്രിക്കറ്റ് എന്ന ബോറൻകളി ഒരു ദിവസംകൊണ്ട് അവസാനിക്കുന്ന പരിമിത ഓവർ ഏകദിന മത്സരമായി പുതിയൊരു രൂപത്തിൽ വന്നപ്പോൾ അങ്ങേയറ്റം ചടുലവും ആകർഷണിയവുമായ ഒരു കളിയായി അതു മാറി എന്നത് ഒന്നാമത്തെ കാര്യം. പക്ഷേ, അതോടൊപ്പംതന്നെ സംഭവിച്ച ടെലിവിഷനുകളുടെ പ്രചാരമാണ് ഇന്ത്യയിലും അയൽരാജ്യങ്ങളിലും ക്രിക്കറ്റിനെ ജനങ്ങളുടെ അടുത്തേക്കെത്തിച്ചത്. രാജീവ്ഗാന്ധി നടപ്പിലാക്കിയ ടെലിവിഷൻ പ്രചരണ പദ്ധതി ഇല്ലായിരുന്നുവെങ്കിൽ ക്രിക്കറ്റ് ഇന്നും ഇന്ത്യയ്ക്ക് ഒരു വികാരമായി മാറുമായിരുന്നില്ല.

ഇന്ത്യയുടെ ദേശീയ കളിയെന്നു പറയുന്ന ഹോക്കിയിലോ, ഫുട്ബോളിലോ, ടെന്നിസിലോ ഒന്നും ഇന്ത്യ ഒരു ശക്തിയായിരുന്നില്ല. ഇന്ത്യയെ അടിമയാക്കി ഭരിച്ചിരുന്ന ഇംഗ്ലണ്ടിനെയോ ഇന്ത്യ ശത്രുരാജ്യമെന്ന നിലയിൽ കരുതുന്ന പാകിസ്ഥാനെയോ തോൽപ്പിക്കാനുള്ള ശേഷി പക്ഷേ ഇന്ത്യയിലെ ക്രിക്കറ്റ് ടീമിനുണ്ടായി. ഇതാണ് ഇന്ത്യൻ ക്രിക്കറ്റിന്റെ ജനകീയതയ്ക്കു പുറകിലെ മനശാസ്ത്രം ഒളിഞ്ഞിരിക്കുന്നത്. അതായത്, കളികളുടെ ലോകത്ത് ഇന്ത്യ ഒന്നാംനിരയിൽ നിൽക്കുന്ന ഒരേയൊരു കളി ക്രിക്കറ്റായിരുന്നു. ജയിക്കുന്നവന്റെ കൂടെ നിൽക്കുക എന്ന സാമൂഹ്യ മനശാസ്ത്രം ക്രിക്കറ്റിന്റെ കാര്യത്തിലും നടപ്പായി.

ക്രിക്കറ്റിന്റെ മറ്റൊരു സവിശേഷത അതിനൊരു ചെറിയ യുദ്ധത്തിന്റെ സ്വഭാവമുണ്ടെന്നുള്ളതാണ്. ഫുട്ബോളോ വോളിബോളോ ബാസ്ക്കറ്റ് ബോളോ ഹോക്കിയോ ടെന്നിസോ എടുക്കുക. അതിലെല്ലാം രണ്ട് ഭാഗത്തേയും ടീമുകൾ മുഴുവൻ അംഗങ്ങളായി തുടക്കംമുതൽ ഒടുക്കം വരെ ഒരു പന്ത് വ്യത്യസ്ഥരീതിയിൽ കളിച്ച് പോയിന്റുകളെടുക്കുകയാണ് ചെയ്യുന്നത്. ക്രിക്കറ്റ് അതിൽനിന്നു വ്യത്യസ്ഥമാണ്. ക്രിക്കറ്റിൽ ഓരോരോ കളിക്കാരനെയും ഒറ്റയ്ക്ക് ഒറ്റയ്ക്ക് നേരിട്ട് പരാജയപ്പെടുത്തുകയാണ് ചെയ്യുന്നത്. അതുകൊണ്ട് ടീം തോറ്റാൽപോലും മിടുക്കന്മാർക്ക് തിളങ്ങാനുള്ള അവസരമുണ്ട്. കാണികൾക്ക് ഓരോരുത്തരെയും ശ്രദ്ധിച്ചു വിലയിരുത്താനുള്ള സൗകര്യവുമുണ്ട്. ടി.വി. യുടെ പ്രചാരത്തോടെ ഈ 'യുദ്ധങ്ങൾ' നേരിട്ടുകാണാനുള്ള അവസരംകൂടി വന്നതോടെ ആൾദൈവങ്ങളെ ആരാധിക്കുന്ന പ്രവണത അധികമായുള്ള ഇന്ത്യൻ സമൂഹം ക്രിക്കറ്റിനെ സ്വന്തം കളിയായി സ്വീകരിച്ചു. സച്ചിനെപ്പോലുള്ള താരങ്ങളെ ദൈവതുല്യരാക്കി ആരാധിക്കുകയും ആ ഒരു കളിക്കാരനില്ലെങ്കിൽ ടീം തന്നെ അശരണരായിത്തീരുമെന്ന ധാരണപോലും ഉണ്ടാക്കിയെടുക്കുകയും ചെയ്തു. അങ്ങിനെ ക്രിക്കറ്റ് ഇന്നൊരു പകുതി മതവും സച്ചിൻ ഒരു പകുതി ദൈവവുമാണ് ഇന്ത്യക്കാരന്.

ഇന്ത്യക്കാരന്റെ ഈ ആവേശം മനപൂർവം ചെണ്ടകൊട്ടി ഉന്മാദമാക്കി മാറ്റിയത് കച്ചവടക്കാരാണ്. അവർ ആറ്റുനോറ്റിരുന്ന ഒരവസരമാണ് ക്രിക്കറ്റിന്റെ രൂപത്തിൽ അവർക്കു മുന്നിൽ പ്രത്യക്ഷപ്പെട്ടത്. അവരതിനെ ശരിക്കും ഉപയോഗിച്ചു; ഉപയോഗിച്ചുകൊണ്ടേയിരിക്കുന്നു.

ഗാട്ട് കരാറും അതിനുമുന്നേ തന്നെ കുറേശെയായി തുടങ്ങിവച്ച ഉദാരവൽക്കരണവും മൂലം ഇന്ത്യൻ കമ്പോളത്തിലേക്ക് കടന്നുവന്ന ബഹുരാഷ്ട്ര കുത്തകകൾ ഇന്ത്യയെപ്പോലൊരു വമ്പൻ മാർക്കറ്റ് കൺമുന്നിൽ തുറന്നുകാട്ടിയിട്ടും അതിനെ ശരിക്കും ഉപകാരപ്പെടുത്താനാവാതെ കുഴങ്ങുകയായിരുന്നു. തൊണ്ണൂറു കോടി മനുഷ്യരുണ്ടെങ്കിലും തൊണ്ണൂറു ഭാഷയും തൊണ്ണൂറു സംസ്കാരവുമായി പല ഉപരാജ്യങ്ങളായി ചിതറിക്കിടക്കുകയാണ് ഇന്ത്യ. പൊതുവായി ഒരു ഭാഷയോ പൊതുവായി അംഗീകരിക്കുന്ന ഒരു സിനിമാതാരമോ മറ്റൊ ഒരാളും പൊതു നായകനോ ഇന്ത്യയ്ക്കുണ്ടായിരുന്നില്ല. അതുകൊണ്ട്; ഇന്ത്യയ്ക്ക് പൊതുവായ ഒരു പരസ്യതന്ത്രം ആവിഷ്കരിക്കാൻ പറ്റാത്ത അവസ്ഥയിലായിരുന്നു അവർ. ഓരോ

(ശേഷം അഞ്ചാം പേജിൽ)

# ക്രിക്കറ്റ് ആരുടെ കളിയാണ്?

(ഒന്നാം പേജ് തുടർച്ച)

സംസ്ഥാനത്തിനുവേണ്ടി പ്രത്യേകം പ്രത്യേകം പരസ്യങ്ങളുണ്ടാക്കുക വല്ലാത്തൊരു അധികച്ചെലവാണ്- പണത്തിന്റെ കാര്യത്തിലും സമയത്തിന്റെ കാര്യത്തിലും.

ചുരുക്കിപ്പറഞ്ഞാൽ 'ഒറ്റ ഇന്ത്യ, ഒറ്റ ജനത' എന്ന് ഇപ്പോൾ ഏറ്റവും കൂടുതൽ ആഗ്രഹിക്കുന്നത് വമ്പൻ ബിസിനസുകാരാണ്. എല്ലാ ഇന്ത്യക്കാരെയും ഒരുപോലെ ആകർഷിക്കുന്ന എന്തെങ്കിലുമൊന്ന് ഉണ്ടാക്കിയെടുക്കുക അവരുടെ ആവശ്യമായിരുന്നു. ആ അന്വേഷണം ചെന്നുമുട്ടിയത് ക്രിക്കറ്റിലായിരുന്നു.

ക്രിക്കറ്റിനെ ഇന്ത്യയുടെ ജനകീയ വികാരമാക്കി മാറ്റിയത് അവരായിരുന്നു. ക്രിക്കറ്റ് കളിയുടെ ദൂരദർശൻ സംപ്രേക്ഷണം സ്പോൺസർ ചെയ്യാൻ കമ്പനികൾ മത്സരമായി. ക്രിക്കറ്റൊഴികെ മറ്റെല്ലാ കളികളും ടി.വി.യിൽനിന്ന് പുറത്തായി. ക്രിക്കറ്റ് മത്സരങ്ങൾ നടക്കുമ്പോൾ ദൂരദർശനിലെ വാർത്തയുടെ സമയം വരെ മാറ്റി. ഞായറാഴ്ച സിനിമകൾപോലും വേണ്ടെന്നുവച്ചു. സർക്കാരുകൾ ക്രിക്കറ്റ് കളിയുള്ള ദിവസം പവർകട്ടും ലോഡ്ഷെഡ്ഡിംഗും വരെ വേണ്ടെന്നു വയ്ക്കാൻ തുടങ്ങി. ക്രിക്കറ്റ് മത്സരങ്ങളുള്ള ദിവസങ്ങളിൽ കോളജുകളിലും ആഫീസുകളിലും ഹാജർനില പതുങ്ങലിലായി... അങ്ങനെ കച്ചവടക്കാർ ഊതിവീർപ്പിച്ച ക്രിക്കറ്റ് പ്രേമം ഇന്ത്യയുടെ ഹരവും ജ്വരവുമായി.

ക്രിക്കറ്റിന്റെ പുറകിൽ കളിക്കുന്നത് ജനവിരുദ്ധ പ്രവർത്തനങ്ങൾകൊണ്ട് മാനവ സമുദായത്തെ ദുഷിപ്പിക്കുന്ന, പ്രകൃതിയുടെയും മനുഷ്യന്റെയും ആരോഗ്യത്തെ തകർക്കുന്ന കച്ചവട കുത്തകകളാണെന്ന കാര്യം ഓരോ ക്രിക്കറ്റ് പ്രേമിയും ഓർക്കേണ്ടതുണ്ട്. കളിയിൽ ആര് തോറ്റാലും ജയിക്കുന്നത് അവരാണ്.

ലോകത്തിലേറ്റവും കൂടുതൽ ചെറുപ്പക്കാരെ പുകവലിശീലംകൊണ്ട് നരകിപ്പിക്കുന്ന വിൽസ് സിഗരറ്റിന്റെ നിർമാതാക്കളാണ് ഇന്ത്യൻ ക്രിക്കറ്റ് ടീമിന്റെ സ്ഥിരം സ്പോൺസർമാർ.

കോളയെന്ന അപകടദ്രാവകം വിൽക്കുന്ന കൊക്കക്കോള കമ്പനിയും പെപ്സിക്കോള കമ്പനിയും മാറിമാറി മത്സരിച്ചാണ് ഏകദിന ക്രിക്കറ്റ് മത്സരങ്ങൾ സ്പോൺസർ ചെയ്തു നടത്തുന്നത്.

ചാലിയാറിനെ വിഷച്ചാലാക്കിയ ഗ്രാസിം മുതൽ ലോകത്തിലെങ്ങുമുള്ള എല്ലാ പ്രകൃതി വിരുദ്ധ, മനുഷ്യവിരുദ്ധ കച്ചവട താത്പര്യങ്ങളും കൂടിച്ചേർന്ന് നിങ്ങളുടെ മുറിയിൽ കൊണ്ടെത്തിക്കുന്ന ഈ കളി, വെറുമൊരു കളിയല്ല. അതിനു പുറകിലെ കറുത്ത ശക്തികളെ, രക്തദാഹികളായ കച്ചവട താത്പര്യങ്ങളെ, മണ്ണിനെയും മനുഷ്യനെയും വിഷലിപ്തമാക്കുന്ന സ്വാർഥമൂർത്തികളെ മനക്കണ്ണിൽ കാണുക.

ധനം തനിക്കു നല്കുന്ന സ്നേഹവും ആദരവും കമ്പനികൾക്ക് തീറെഴുതി അവരുടെ ഉൽപ്പന്നങ്ങൾക്കായി [illegible]ന്റെ ആരാധകരെ വഴിതെറ്റിക്കാൻ ശ്രമിക്കുന്ന കുട്ടിദൈവങ്ങളെ തിരിച്ചറിയുക.

ഇത്തരം തിരിച്ചറിവുകളോടുകൂടി നിങ്ങൾ ക്രിക്കറ്റ് കാണാനിരിക്കുക. ബാറ്റ് ചെയ്യുന്നത് ഇന്ത്യയാണെന്ന് തെറ്റിദ്ധരിക്കാതെ- പെപ്സിയുടെ ഗ്രൗണ്ടിൽ, വിൽസിന്റെ കുപ്പായമിട്ട്, എം.ആർ.എഫ്. ബാറ്റു ചെയ്യുകയാണെന്ന തിരിച്ചറിവോടെ.

**പി.എസ്. കുമാർ**